പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 582      27.2.2018 -ൽ മറുപടിയ്ക്ക്

## കെ.ടി.ഡി.സി. ടൂർപാക്കേജ്

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. റോജി എം. ജോൺ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികളെ എത്തിക്കുന്നതിന് കെ.ടി.ഡി.സി. ആഡംബര ബസ്സുകൾ നിരത്തിലിറക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | തീരുമാനിച്ചിട്ടുണ്ട്. മൂന്ന ബസ്സുകൾ മാത്രമാണ് ഇപ്പോൾ ഇറക്കിയിട്ടുളളത്. ഇതിൽ രണ്ടെണ്ണം തിരുവനന്തപുരം കേന്ദ്രമാക്കിയും ഒരെണ്ണം കൊച്ചി കേന്ദ്രമാക്കിയുമാണ് ഓപ്പറേറ്റ് ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നത്. |
| ബി) | ഇതിനായി പുതുതായി ജീവനക്കാരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നിയമനരീതി വിശദീകരിക്കാമോ; | ബി) | സ്ഥിരമായി നിയമിക്കുവാൻ തീരുമാനിച്ചിട്ടില്ല. ആവശ്യാനുസരണം ഡെയിലി വേജസ്സ് സമ്പ്രദായത്തിൽ എടുക്കാനാണ് തീരുമാനിച്ചിട്ടുളളത്. |
| സി) | കെ.ടി.ഡി.സി. മുമ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ ടൂർപാക്കേജുകൾ നഷ്ടത്തിലാകുവാനുള്ള കാരണം എന്തായിരുന്നെന്ന് വ്യക്തമാക്കുമോ; | സി) | കെ.ടി.ഡി.സി. നേരത്തെ ബസ് വാടകയ്ക്കെടുത്താണ് ഓടിച്ചുകൊണ്ടിരുന്നത്. അതിനാലാണ് നഷ്ടത്തിലായത്. |
| ഡി) | കെ.ടി.ഡി.സിക്ക് ഭീമമായ നഷ്ടം വരുത്തിയ പ്രസ്തുത ബസ്സ് ടൂർപാക്കേജുകളിൽ സംഭവിച്ച പിഴവ് ആവർത്തിക്കാതിരിക്കുവാൻ വേണ്ട കരുതൽ എടുക്കുമോയെന്ന് വിശദമാക്കുമോ? | ഡി) | പുതിയ ബസ്സുകൾ എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയാണ് ഇറക്കിയിട്ടുളളത്. ഓൺലൈൻ ബുക്കിംഗ് ഉൾപ്പെടെയുളള നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ടൂർ പാക്കേജിംഗ് രീതി ഉപയോഗിക്കുന്നതിനാൽ നഷ്ടത്തിലാകാനുളള സാദ്ധ്യത കുറവാണ്. |

സെക്ഷൻ ഓഫീസർ